സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 44-49

പാലൈ
PALAI பாலை
ISSN No: 3049-0316

# “എന്റെ ജാലകത്തിലെ ഗ്രീഷ്മകാലം”[1]



(ശ്രീ. എൽ.എം. തോമസിന്റെ ഗീതാഞ്ജലീ വിവർത്തനത്തെ അടിസ്ഥാനമാക്കിയുള്ള പഠനം)

**ഡോ. അഥീന എം.എൻ.***

**സംഗ്രഹം**

1937 ലാണ് ശ്രീ. എൽ.എം. തോമസ് രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലീ പദ്യങ്ങൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നത്. 1912 ൽ പ്രസിദ്ധീകൃതമായ ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് വിവർത്തനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ശ്രീ. എൽ.എം. തോമസ് തന്റെ ഗീതാഞ്ജലീ ഭാഷാന്തരം നിർവ്വഹിച്ചിട്ടുള്ളത്. മഹാകവി തന്നെയാണ് ഈ ഇംഗ്ലീഷ് വിവർത്തനം സാധ്യമാക്കിയിട്ടുള്ളത്. മഹാകവിയുടെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ അനുമതിയോടുകൂടി നടത്തിയ വിവർത്തനവും കൂടിയാണിത്. പദ്യത്തിന്റെ ചിട്ടവട്ടങ്ങളേക്കാൾ ഗദ്യത്തിന്റെ സ്വാതന്ത്ര്യമായിരുന്നു ശ്രീ. എൽ.എം. തോമസിനു താത്പര്യം. അതുകൊണ്ട് മനോഹരമായ ഗദ്യപരിഭാഷയുമാണിത്. മംഗലാപുരത്തെ ബാസൽമിഷൻ പ്രസിദ്ധപ്പെടുത്തിയ ഈ ഗീതാഞ്ജലീ വിവർത്തനത്തിന്റെ ഒമ്പതോളം പതിപ്പുകൾ പുറത്തുവന്നിട്ടുണ്ട്. വിവർത്തനത്തിലെ സൂക്ഷ്മമായ സൗന്ദര്യതലങ്ങൾ അല്പമെങ്കിലും കണ്ടെത്താൻ ശ്രമിക്കുക എന്നതാണ് പഠനോദ്ദേശ്യം.

**താക്കോൽ വാക്കുകൾ** - ഗീതാഞ്ജലി - അദ്വൈതാനുഭൂതി - സംസൃഷ്ടി - കാവ്യാത്മാവ് - പ്രതിബന്ധം

1937 ലാണ് ശ്രീ. എൽ.എം. തോമസ് ‘ഗീതാഞ്ജലി’ മലയാളത്തിലേക്കു വിവർത്തനം ചെയ്യുന്നത്. അതിനു മുമ്പും ഗീതാഞ്ജലിയുടെ മലയാള വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. 1918 ഫെബ്രുവരി മുതൽ 1919 ഒക്ടോബർ വരെ ഭാഷാപോഷിണിയിൽ ഖണ്ഡശ്ശഃ പ്രസിദ്ധപ്പെടുത്തിയ ഗീതാഞ്ജലീ വിവർത്തനമാണ് ഒന്നാമത്തേതെന്ന് ശ്രീ. കെ. പി. ശങ്കരൻ ഓർമ്മിക്കുന്നു.[2] ആരാണ് ആ വിവർത്തനപ്രക്രിയ നടത്തിയതെന്നത് ഇന്നും അജ്ഞാതമാണ്. തുടർന്ന് 1921 ൽ ശ്രീ. കീഴേടത്ത് മാധവൻ നായരുടെ ഗദ്യതർജ്ജമ പുസ്തകരൂപത്തിൽ പുറത്തുവന്നു. ഇംഗ്ലീഷ് പതിപ്പിന്റെ മാതൃകയിൽ പ്രസിദ്ധപ്പെടുത്തിയ ഈ കൃതിയുടെ വിതരണം മദ്രാസ്സിലെ മാക് മില്ലൻ കമ്പനി ഏറ്റെടുത്തതായും പറയപ്പെടുന്നു. ബംഗാളിയിൽ നിന്നും മലയാളത്തിലേക്ക് ആദ്യമായി ഗീതാഞ്ജലി പരിഭാഷപ്പെടുത്തിയത് മഹാകവി ജി. ശങ്കരക്കുറുപ്പാണെന്ന് ധാരണയ്ക്കും ചില തിരുത്തലുകളുണ്ട്.

---

* അസ്സോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, എൻ.എസ്.എസ്. കോളേജ് ചേർത്തല

പച്ച മലയാളപ്രസ്ഥാനത്തിന്റെ വക്താവായിരുന്ന കുണ്ടൂർ നാരായണ മേനോനാണ് ഈ ബഹുമതിക്കു യഥാർത്ഥ അവകാശി. ബംഗാളിയിൽ നല്ല അവഗാഹമുണ്ടായിരുന്ന കൈരളി പത്രാധിപർ കണ്ണമ്പ്ര കുഞ്ഞുണ്ണി നായരുടെ പ്രേരണയായിരുന്നു കുണ്ടൂരിന്റെ പ്രചോദനം. എന്നാൽ ഇത്തരം വസ്തുതകളൊന്നും ചരിത്രത്തിൽ ഇടംനേടാതെ പോയി. 1923 ൽ പ്രസിദ്ധീകരിച്ച എ. ഗോവിന്ദപ്പിള്ളയുടെ ഗീതാഞ്ജലീവിവർത്തനവും മൂലകൃതിയെ ആശ്രയിച്ചുള്ളതു തന്നെയായിരുന്നു. അസ്സൽ ബംഗാളിയിൽ നിന്നുള്ള തർജ്ജമയാകയാൽ ഇതിൽ ചില ഭേദഗതികൾ വന്നിട്ടുള്ളതായി പരിഭാഷകക്കുറിപ്പിൽ പറയുന്നു. ബംഗാളി പഠിച്ചതിനു ശേഷമാണ് അദ്ദേഹം ഗീതഞ്ജലീവിവർത്തനത്തിന് മുതിർന്നതെന്ന് ഉള്ളൂർ സാഹിത്യചരിത്രത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എൽ.എം. തോമസ്, എഴകോൺ ശിവശങ്കരൻ, മഹാകവി ജി. ശങ്കരക്കുറുപ്പ്, എം. കൃഷ്ണപിള്ള എന്നിവരാണ് ഗീതാഞ്ജലിയുടെ ആദ്യകാല വിവർത്തകർ. ഇതിൽ എൽ.എം. തോമസിന്റെ ഗീതാഞ്ജലീ വിവർത്തനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പഠനമാണ് 'എന്റെ ജാലകത്തിലെ ഗ്രീഷ്മകാലം'. 1912 ലാണ് ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് വിവർത്തനം പ്രസിദ്ധീകൃതമാകുന്നത്. മഹാകവി തന്നെയാണ് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തതും. പ്രസ്തുത ഇംഗ്ലീഷ് വിവർത്തനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ശ്രീ. എൽ.എം. തോമസ് തന്റെ ഗീതാഞ്ജലീ ഭാഷാന്തരം നിർവഹിച്ചിട്ടുള്ളത്. മഹാകവിയുടെ ജീവിതകാലത്തു തന്നെ, അദ്ദേഹത്തിന്റെ അനുമതിയോടു കൂടി നടത്തിയ വിവർത്തനം എന്നൊരു സവിശേഷതയും ഈ ഭാഷാന്തരത്തിനുണ്ട്. വിവർത്തകനു പ്രിയം പദ്യത്തിന്റെ ചിട്ടവട്ടങ്ങളിൽ ഒതുക്കി നിറുത്തുന്നതിനേക്കാൾ ഗദ്യത്തിന്റെ സ്വാതന്ത്ര്യമായിരുന്നു.[3] മംഗലാപുരത്തെ ബാസൽമിഷൻ പ്രസിദ്ധപ്പെടുത്തിയ ഈ ഗീതാഞ്ജലീവിവർത്തനത്തിന്റെ ഒമ്പതിലധികം പതിപ്പുകൾ ഇതിനകം പുറത്തു വന്നു കഴിഞ്ഞു.

അദ്വൈതാനുഭൂതിയാണ് ഗീതാഞ്ജലിയുടെ ഹൃദയസ്പന്ദനമെങ്കിലും പ്രണയത്തിന്റെ ആർദ്രതയും ലൗകികതയുടെ ആശങ്കയും അതിൽ സമ്മേളിച്ചിട്ടുണ്ട്. 1910 ൽ ബംഗാളിയിൽ പ്രസിദ്ധീകരിച്ച ഗീതാഞ്ജലിയിൽ 157 കവിതകളാണുള്ളത്. ഇതിൽ നിന്നും എഴുപതോളം ഗീതങ്ങൾ ഇംഗ്ലീഷ് കൃതിയിൽ ചേർത്തിരിക്കുന്നു. ബാക്കിയുള്ളവ 'നൈവേദ്യ', 'ഖേയ', 'ഗീതാമാല്യ' തുടങ്ങിയ പുസ്തകങ്ങളിൽ നിന്നും പരിഭാഷപ്പെടുത്തിയെടുത്തവയാണ്. ആകെ 103 കവിതകൾ. ടാഗോർ പലപ്പോഴായി രചിച്ച കവിതകളാണ് ഇംഗ്ലീഷ് ഗീതാഞ്ജലിയിലുള്ളത്. ഈ നൂറ്റിമൂന്നു ഗീതാഞ്ജലീഗീതങ്ങളെ ഒമ്പതു വിഭാഗങ്ങളായി നിരൂപകർ തരംതിരിച്ചിരിക്കുന്നു. രസകരമാണ് ഈ വിഭജനം. ഒന്നു മുതൽ എട്ടു വരെയുള്ള കവിതകളിൽ ദൈവത്തിന്റെ പാരിതോഷികങ്ങളും അപരിമേയമായ സൗശീലാദികളും സ്നേഹവും പ്രതിപാദിക്കപ്പെടുന്നു. ഒമ്പതു മുതൽ പതിമൂന്നു വരെയുള്ളവയിലെ വിഷയം ദൈവാന്വേഷണത്തിന്റെ വ്യത്യസ്തതകളാണ്. പതിനാലു മുതൽ ഇരുപത്തിയേഴു വരെയുള്ള ഗീതങ്ങളിൽ പ്രണയസ്വരൂപനായ ഈശ്വരനിൽ സമന്വയിക്കുന്നതിനുള്ള ജീവാത്മാവിന്റെ വെമ്പൽ പ്രമേയമാകുന്നു. ഇരുപത്തിയെട്ടു മുതൽ മുപ്പത്തിയാറു വരെയുള്ള അടുത്ത വിഭാഗം ലയനവീഥിയിലെ വിഘ്നങ്ങൾ വിഷയമാക്കുന്നു. മുപ്പത്തിയേഴു മുതൽ അമ്പത്തിയാറു വരെയുള്ള ഗീതങ്ങൾ കവി സ്വയം ആർജിച്ചെടുത്ത പുതിയ തീരുമാനങ്ങളുടെയും മനഃശക്തിയുടെയും കഥകൾ ആവിഷ്കരിക്കുന്നു. എന്നും കൊതിച്ച സമാഗമത്തിന്റെ കളങ്കലേശമില്ലാത്ത ആനന്ദത്തെ വാഴ്ത്തുന്നവയാണ് അമ്പത്തിയേഴു മുതൽ അറുപത്തൊമ്പതു വരെയുള്ള കവിതകൾ. ഈ നിസ്തുലമായ ആനന്ദത്തിൽ മനുഷ്യനോടൊപ്പം ദൈവവും പങ്കാളിയാണെന്ന ആശയത്തിന്റെ ചേതോഹരമായ അവതരണം എൺപതു വരെയുള്ള ഗീതങ്ങളിൽ കാണാം. വിരഹവും അന്യതാബോധവും ചേർത്തുളവാക്കുന്ന മായയുടെ അനാവരണങ്ങളാണ് എൺപതു മുതൽ എൺപത്തിനാലു വരെയുള്ള വിഭാഗത്തിലെ വിഷയം. തുടർന്ന് അവസാനം വരെയുള്ള പത്തൊമ്പതു ഗീതങ്ങളിൽ മർത്യജീവിതത്തിന്റെ ഒടുക്കത്തെ സംതൃപ്തിയായ മൃത്യുവിനെ ആവാഹിക്കുന്നു (2011: 19).

ഓരോ ഗീതാഞ്ജലീപരിഭാഷയും ആസ്വാദനത്തിന്റെയും അന്തഃസംസ്കാരത്തിന്റെയും രാജരഥ്യകളാണ്. അനുഭൂതിയുടെ വിവിധങ്ങളായ നിർവൃതികൾ പങ്കുവയ്ക്കാൻ അവയ്ക്കാവുന്നു. എൽ. എം. തോമസിന്റെ ഗീതാഞ്ജലീഭാഷാന്തരം അതുണ്ടായ കാലത്തെ അഭിമാനമാണ്. പദങ്ങളും ഭാവങ്ങളും നിഷ്കപടവും നൈസർഗ്ഗികവുമായ ആത്മാർത്ഥത പുലർത്തുന്നു. വിവർത്തനപാഠത്തിലെ സൗന്ദര്യതലങ്ങളുടെ സൂക്ഷ്മഭേദങ്ങൾ അല്പമെങ്കിലും കണ്ടെത്താൻ ശ്രമിക്കുക എന്നതു മാത്രമാണ് പഠനോദ്ദേശ്യം. അവ്യാഖ്യേയമായ ലാവണ്യാംശങ്ങൾ സമ്പൂർണാസ്വാദനത്തിനു വഴിയൊരുക്കുന്നില്ല. സുധീരമായൊരു തീരുമാനത്തിന്റെ പരിണതഫലമാണ് എൽ.എം. തോമസിന്റെ ഗീതാഞ്ജലീ

 ISSN No: 3049-0316 

വിവർത്തനം. ഐശ്വരതലത്തിലേക്കു പറന്നുയരാൻ തുടിക്കുന്ന മനുഷ്യഹൃദയത്തിന്റെ ആകാംക്ഷകൾ ഗീതാഞ്ജലിക്കാധാരമാകുമ്പോൾ വിവർത്തനത്തിനടിസ്ഥാനം അവയുളവാക്കുന്ന ഊർജ്ജമാണ്. അതുകൊണ്ട് വിവർത്തനത്തിന്റെ വിജയമെന്നത് സുഖകരമായ ആസ്വാദ്യതയാകുന്നു. അതിനാൽത്തന്നെ വരികളിലെ അവ്യക്തധാരണകളിൽ മുങ്ങിത്താഴാതെ വിവർത്തനോദ്യമത്തിനു തയ്യാറായ കവിചേതനയുടെ സർഗപഥത്തിലേക്കു പ്രവേശിക്കുകയാണുചിതം.

"Thou last made me endless, such is thy pleasure.
This frail vessel thou emptiest again and again,
and fillest it ever fresh life.

This little flute of a reed thou carried over hills and dales and
last breathed though it melodies eternally new'

എന്ന മൂലരചനയുടെ മനോഹരമായ ഗദ്യഭാഷയാണിത്, "അങ്ങ് എന്നെ അനന്തമായി സംസൃഷ്ടമാക്കി. അതാണ് അവിടുത്തെ ആനന്ദം. ദുർബലമായ ഈ പാത്രം അവിടുന്നു വീണ്ടും വീണ്ടും പകർന്നു കളകയും നവജീവനെക്കൊണ്ട് അതിനെ എന്നെന്നും നിറയ്ക്കുകയും ചെയ്യുന്നു. ഈ ചെറു വേണുവിനെ അങ്ങ് കുന്നുകളുടെ മീതെയും താഴ്‌വരകളിലും കൊണ്ടുനടക്കുകയും ശാശ്വതമായി നവീനങ്ങളായ ഗാനങ്ങളെ അതിൽക്കൂടി ആലപിക്കുകയും ചെയ്യുന്നു". ടാഗോറിനെ സംബന്ധിച്ച് ആത്മീയയാഥാർത്ഥ്യമെന്നത് ഒട്ടും വിദൂരമല്ല. അദ്ദേഹത്തിനത് പ്രത്യക്ഷവും നിത്യാനുഭവയോഗ്യവുമായിരുന്നു. പ്രകൃതിയുടെ വിനമ്രഭാവത്തിലും മനുഷ്യസ്നേഹത്തിലും കുടികൊള്ളുന്ന സത്യസൗന്ദര്യത്തിന്റെ പരസ്പരാലിംഗനങ്ങൾ മറ്റൊരുവിധത്തിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. ദൈവസ്നേഹത്തിന്റെ ബാഹ്യപ്രകടനങ്ങളായി അപരിമേയമായ പാരിതോഷികങ്ങളെ അദ്ദേഹം വിലയിരുത്തി. "അങ്ങ് എന്നെ അനന്തമായി സംസൃഷ്ടമാക്കി; അതാണ് അവിടുത്തെ ആനന്ദം" എന്ന പ്രഥമാവതരണം 'Thou last made me endless, such is thy pleasure' എന്ന മൂലപാഠത്തിന്റെ വ്യാഖ്യാനം മാത്രമായി ചുരുങ്ങിപ്പോയോ എന്നു സന്ദേഹിക്കാം. അത്തരമൊരു സംശയത്തിനിട തരുന്നുണ്ട് ഈ ഭാഗം. അതുപോലെ 'സംസൃഷ്ടി' എന്ന വാക്കും സന്ദർഭത്തിനിണങ്ങുന്ന സൗന്ദര്യം പ്രദാനം ചെയ്യുന്നില്ല. തുടർന്നുവരുന്ന 'ദുർബലമായ പാത്രം' എന്ന പാഠത്തിനുമുണ്ട് ചെറിയ ചില അസ്വസ്ഥതകൾ. 'Frail Vessel' എന്ന് ടാഗോർ ഉപയോഗിക്കുമ്പോൾ നവജീവപാനത്തിനുള്ള അനന്തസാധ്യതകൾ വഹിക്കുന്ന സമുന്നതപാനപാത്രം വായനക്കാരന് ഉൾക്കൊള്ളാനാകുന്നു. എന്നാൽ അത്തരമൊരു ഉണർച്ച 'ദുർബലപാത്രം' എന്ന പ്രയോഗത്തിനില്ല. ഗദ്യപരിഭാഷയുടെ പരിമിതികളാവാം ഇത്തരത്തിലുള്ള ആശയാവ്യക്തതകൾക്കിടവരുത്തുന്നത്.

എങ്കിലും നിരവദ്യഗദ്യം പദ്യത്തെ കവച്ചുവയ്ക്കുന്ന സന്ദർഭങ്ങളും ഉണ്ടാകാതെ പോകുന്നില്ല. 'I know not how thou my master! I ever listen in silent amazement. The light of thy music illumines the world. The life breath of thy music runs to sky. The holy stream of thy music breaks through all stony obstacles and rushes on' എന്ന മൂലപാഠത്തിനെ അതിശയിപ്പിക്കുന്ന ചില രംഗങ്ങളെങ്കിലുമുണ്ട്. "എന്റെ നാഥാ, അങ്ങ് എപ്രകാരമാണ് പാടുന്നത് എന്ന് എനിക്കറിഞ്ഞു കൂടാ. ഞാൻ എന്നും നിശ്ശബ്ദാശ്ചര്യത്തിൽ നിമഗ്നമായി അതിനെ ശ്രവിക്കുക തന്നെ ചെയ്യുന്നു.

അങ്ങയുടെ ഗാനപ്രകാശം ലോകത്തെ പ്രഭാപൂരിതമാക്കുന്നു. അങ്ങയുടെ ഗാനത്തിന്റെ സജീവപ്രവാഹം ഗഗനപടലങ്ങളിൽ അങ്ങുമിങ്ങും പായുന്നു. അങ്ങയുടെ ഗാനനിർഝരി കണ്ടകമയമായ പ്രതിബിംബത്തെ തകർത്തുകൊണ്ട് ഊക്കോടെ മുന്നോട്ടു ഗമിക്കുന്നു". മൂലത്തിലെ പദങ്ങൾക്ക് നേരേ അർത്ഥം പറയുന്ന രീതിയാണ് തോമസ് പിന്തുടർന്നിരിക്കുന്നത്. അതുകൊണ്ട് silent amazement ന് നിശ്ശബ്ദാശ്ചര്യമെന്നും music illumines ന് ഗാനപ്രകാശമെന്നും stony obstacles ന് കണ്ടകമയമായ പ്രതിബന്ധമെന്നും മറ്റും പറഞ്ഞുകളഞ്ഞു. ഈയൊരവസ്ഥ ഒഴിവാക്കിയാൽ കാവ്യാത്മാവിനെ നോവിപ്പിക്കാതെയും ടാഗോർ കവിതയുടെ മുഖ്യഘടകമായ ഈശ്വരചൈതന്യത്തിന് പരിക്കേൽപിക്കാതെയും അവതരിപ്പിച്ചിട്ടുണ്ടെന്നു പറയാം.

"എന്റെ ഗാനം അവളുടെ വിഭൂഷകളെ പരിത്യജിച്ചിരിക്കുന്നു. അവൾക്ക് വസ്ത്രങ്ങളിലോ ആഭരണങ്ങളിലോ യാതൊരു അഭിമാനവുമില്ല. ആഭരണങ്ങൾ ഞങ്ങളുടെ ഐക്യത്തെ വിലോപപ്പെടുത്തും;

ISSN No: 3049-0316


അവയുടെ ഘണഘണാരവം അങ്ങയുടെ പ്രശാന്തപ്രഭാഷണങ്ങളുടെ ശ്രവണത്തെ എനിക്ക് അസാധ്യമാക്കിത്തീർക്കും". എന്ന കാവ്യഭാഗം ഈശ്വരാഭിമുഖമായ പ്രണയത്തിന്റെ നേർസാക്ഷ്യമാണ്. ആഭരണങ്ങൾപോലും അസ്വസ്ഥമാക്കുന്ന ഐശ്വര്യരാഗത്തെ മറ്റൊരു വിധത്തിൽ അവതരിപ്പിക്കുക പ്രയാസമാണ്.

"My songs has put off her adornments. She has no pride of dress and decoration. Ornaments would mar our union; they would come between thee and me; their jingling would drown thy whipens...' എന്ന മൂലത്തിന്റെ ഒരേകദേശ വിവർത്തനം മാത്രമാണ് ശ്രീ. തോമസ് നടത്തിയിരിക്കുന്നത്. 'My song has put off her adornments' എന്ന അതികാതര ഭാവനയെ ഭാഷാന്തരപ്പെടുത്തുക എളുപ്പമല്ല. 'എന്റെ ഗാനം അവളുടെ അലങ്കാര വിഭ്രഷകളെ പരിത്യജിച്ചിരിക്കുന്നു' എന്ന തർജ്ജമ ഗാനത്തിന്റെ ആന്തരികത്വവും ആഭരണങ്ങളുടെ നിരർത്ഥകതയും ഒരു പരിധിവരെ ഉൾക്കൊള്ളുന്നുവെന്നല്ലാതെ സമ്പൂർണമായ സല്ലയനത്തിന്റെ ആഴങ്ങൾ പരിഗണിക്കുന്നില്ല. 'Ornaments would mar our reunion' എന്നതിന്റെ മലയാളപാഠം മൂലത്തിലെ കാവ്യാംശത്തെ തീർത്തും അവഗണിക്കുന്നു. വിവർത്തനത്തിലെ കവിത എന്നതേക്കാൾ അർത്ഥം എന്ന അംശത്തിനു കൂടുതൽ പ്രാധാന്യം കൊടുക്കുന്നതു കൊണ്ടാവാം ഇത്തരത്തിലുള്ള കല്ലുകടികളുണ്ടാവുന്നത്. പിന്നീടുണ്ടായിട്ടുള്ള ഗീതാഞ്ജലീ തർജ്ജമകളിൽ ഏറ്റവും മനോഹരമായ അവതരണത്തിന് വിധേയമായിട്ടുള്ള ഗീതങ്ങളിൽ ഒന്നാണിത്.

"The time that my journey takes is long and the way of it long.

I came out on the chariot of the first gleam of light, and pursued my voyage through the wildernesses of worlds leaving my track on many a star and planet' എന്ന പന്ത്രണ്ടാം ഗീതത്തിനു നൽകിയിരിക്കുന്ന ഭാഷാന്തരം നോക്കുക:

"എന്റെ യാത്രയ്ക്കുവേണ്ടി വരുന്ന സമയം ദീർഘമാണ്. അതിന്റെ വീഥി ദൈർഘ്യമേറിയതും. പ്രകാശത്തിന്റെ പ്രഥമ രശ്മിയുടെ രഥത്തിൽ ഞാൻ പുറത്തുവന്നു, എന്റെ പാദചിഹ്നങ്ങളെ പല താരാഗണങ്ങളിന്മേലും ഗ്രഹങ്ങളിന്മേലും നിക്ഷേപിച്ചുകൊണ്ട് ലോകാരണ്യങ്ങളിൽക്കൂടി ഞാനെന്റെ യാത്ര തുടർന്നു" എന്ന ഭാഗത്തിലെ പദസംഘടനയും പ്രകാശം, പ്രഥമം എന്നീ വാക്കുകളിലെ ആദ്യാക്ഷരപ്രാസവും കേവലമൊരു തർജ്ജമയുടെ മട്ടുളവാക്കുന്നില്ല. സ്വാഭാവികമായ രചനാരീതിയാണെന്നേ തോന്നൂ. My voyage through the wildness എന്നീ വാക്കുകളുണർത്തുന്ന ആശയതലത്തിന് അരണ്യ സഞ്ചാരത്തിന്റെ അനുഭൂതിയുണ്ട്. പദങ്ങളിലെ സുവ്യക്തമായ താളലയം വസ്തുതകളുമായി ഇണങ്ങിച്ചേരാൻ വായനക്കാരെ പ്രാപ്തരാക്കുന്നു. Voyage through the wildness എന്ന ഇംഗ്ലീഷ് പദങ്ങളും ലോകാരണ്യയാത്ര എന്ന മലയാളപദവും ഉണ്ടാക്കുന്ന ഭാഷാപ്രതീതി വ്യത്യസ്തമായിരുന്നിട്ടും ഏതൊക്കെയോ അംശങ്ങളിൽ ഒന്നിക്കുന്ന ഔചിത്യവൈഭവം വിവർത്തനത്തെ കുറ്റമറ്റതാക്കുന്നു.

"എന്റെ പ്രാണനാഥന്റെ കരങ്ങളിൽ എന്നെ സമർപ്പണം ചെയ്യാനായി ഞാൻ പാർത്തിരിക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഇത്രയും കാലവിളംബം നേരിട്ടത്; തന്മൂലമാണ് അനുഷ്ഠാന വീഴ്ചകൾ മൂലം അപരാധിയായത്" എന്ന ഭാഷാന്തരത്തിലെ വൈകാരികതീവ്രത അതിശയകരമാണ്. 'I am only waiting for love to give myself up at last into his hands. That is why it is so late and why I have been guilty of such ommissions' എന്ന മൂലഗീതം വായിക്കുമ്പോൾ വിവർത്തനത്തിൽ പാലിച്ചിരിക്കുന്ന അകൽച്ചയില്ലാത്ത പദവ്യന്യസനം തിരിച്ചറിയാം. 'Why I have been guilty of such ommissions' നെ "അനുഷ്ഠാന വീഴ്ചകൾ മൂലം അപരാധിയായ" എന്നെഴുതാൻ പ്രതിഭാശാലിയായ കവിക്കു മാത്രമേ സാധിക്കൂ.

ഉചിതപദം തിരഞ്ഞ് അലഞ്ഞുനടക്കുന്ന മനസ്സ് അനുയോജ്യപദം കിട്ടുമ്പോൾ അവിടെ സരസ്വതിയെ പ്രതിഷ്ഠിക്കുന്നു എന്നു പറയാറുണ്ടല്ലോ. "സുപ്രഭാതം സുനിശ്ചയം വന്നെത്തും. തമോരാശി തിരോധാനം ചെയ്യും. അങ്ങയുടെ സ്വരം സുവർണ്ണധരിയിൽക്കൂടി പ്രവഹിക്കും" എന്ന തർജ്ജമയിലെ പദസംവിധാനം ബംഗാളി ഗീതാഞ്ജലിയുടെ അതീന്ദ്രിയാനുഭൂതി നൂറുശതമാനവും പ്രതിഫലിപ്പിക്കുന്നു. 'The morning will surely come, the darkness will vanish, and they voice pour down in golden streams breaking through the sky' എന്ന മൂലപാഠത്തെ അടിസ്ഥാനപ്പെടുത്തിയെടുത്ത തമോരാശി, തിരോധാനം

വാല്യം 1 ലക്കം 3 മാർച്ച് 2025 ISSN No: 3049-0316

എന്നീ പദങ്ങളുടെ ചേർച്ചയും ധ്വനന നൈപുണിയും അന്ധകാരത്തിന്റെ ആഴവും തിരോധാനത്തിന്റെ നിരാലംബതയും ഹൃദ്യമാക്കുന്നു. "സുപ്രഭാതം സുനിശ്ചയം വന്നെത്തും" എന്നു പറയുന്നതിലെ അനന്തമായ കാത്തിരിപ്പ്, മൂലത്തിലെന്ന പോലെ നിത്യനായകനോടുള്ള സവിശേഷപ്രാർത്ഥനയായി വായനക്കാരനു ബോധ്യപ്പെടുന്നു.

"എന്റെ തോണിയെ എനിക്കു ജലതരണത്തിനായി ഇറക്കേണ്ടിയിരിക്കുന്നു. ആലസ്യമാർന്ന മണിക്കൂറുകൾ നദീതീരത്തിൽ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അതെന്നെ സംബന്ധിച്ചു കഷ്ടമാണ്" എന്ന വിവർത്തനത്തിൽ കാണുന്ന 'തോണി' എന്ന വാക്കു മൂലത്തിലെ boat ("I must launch out my boat') എന്ന പദത്തിന്റെ അർത്ഥഭാവതലങ്ങളെ അനായാസം പിന്തുടരുന്നു. തോണി എന്ന വാക്കിന്റെ സാംഗത്യത്തിന് അത്രയും ഘനമുണ്ട്. തുടർന്നുപയോഗിച്ചിരിക്കുന്ന 'ജലതരണം' എന്ന പദവും നിസ്സീമമായ ആസ്വാദ്യതയാണ് പങ്കുവയ്ക്കുന്നത്.

"അദ്ദേഹം ചാഞ്ചാടി നടക്കയാൽ ഭൂമിയിൽ നിന്ന് ധൂളീപടലത്തെ ആകാശത്തേക്കുയർത്തുന്നു" ("He makes the dust rise from the earth with his swagger'), "ഹൃദയം വരണ്ടതും കഠിനവും ആയിരിക്കുമ്പോൾ ഒരു ദയാവൃഷ്ടി എന്റെ മേൽ വർഷിക്കണേ" ("When the heart is hand and parched up, come upon me with a shower of mercy') എന്നീ പരിഭാഷകൾ ധ്വനി രൂപേണയുള്ള ഭാവാർത്ഥ പ്രകാശനത്തിന്റെ മികച്ച മാതൃകകളാണ്. 'With his swagger' എന്ന മൂലപദത്തിനുള്ള വ്യാഖ്യാനം കൂടിയാണ് 'ചാഞ്ചാടി നടക്കുക' എന്ന ഭാഷാന്തരം. ഈ വാക്ക് നടത്തത്തിന്റെ സവിശേഷത സൂചിപ്പിക്കുന്നതോടൊപ്പം ഭൂമിയിൽനിന്ന് ആകാശത്തേക്കുയരുന്ന പൊടിപടലത്തിന്റെ ആഗ്രഹവും സഫലീകരിക്കുന്നു. ഹൃദയം വരളുമ്പോൾ ഒരു ദയാവൃഷ്ടി എന്ന പോലെയാണ് 'When the heart is hard and parched up' എന്ന മൂലകാവ്യത്തെ അവതരിപ്പിച്ചിരിക്കുന്നത്.

മോക്ഷം പ്രാപിക്കാൻ വെമ്പൽകൊള്ളുന്ന മനുഷ്യാത്മാവിന്റെ ഉൾത്തുടിപ്പുകൾ ഗീതാഞ്ജലിയുടെ അവസാനഗീതത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. 'Like a flock of home sick cranes flying night and day back to their mountain nests let all my life take its voyage to its eternal home in one solution to there'. ഈ ഭാഗം വിവർത്തനത്തിലേക്ക് എത്തിയപ്പോൾ എത്ര ഹൃദ്യമായിട്ടുണ്ടെന്നു നോക്കാം. "പർവതശിഖരങ്ങളിലുള്ള തങ്ങളുടെ പഞ്ജരങ്ങളിലേക്കു ഭവനവിയോഗദുഃഖത്തോടു കൂടി അഹോരാത്രം പറന്നുപോകുന്ന പക്ഷികളുടെ ഒരു കൂട്ടത്തെപ്പോലെ, എന്റെ ജീവിതം മുഴുവനും അങ്ങയ്ക്കായുള്ള ഒരു അഞ്ജലീബന്ധത്തിൽ, അതിന്റെ നിത്യഭവനത്തിലേക്കുള്ള യാത്ര സമാരംഭിക്കട്ടെ". ആത്മാവിന്റെ കൂടുമാറ്റം ആഗ്രഹിക്കുന്ന മനസ്സിന്റെ തുഷ്ടി ഭാഷാന്തരത്തിൽ പ്രകടമാണ്. പർവതശിഖരത്തിലെ കൂട്ടിൽ വിശ്രമിക്കുന്ന പക്ഷിക്കും പരമാത്മാവിൽ വിലയം കൊള്ളുന്ന ആത്മാവിനും സാദൃശ്യംകണ്ടെത്തുന്ന അത്ഭുതകരമായ കാവ്യഭാവന വിവർത്തനത്തെയും സമ്പുഷ്ടമാക്കുന്നു. Home Sick എന്ന ഇംഗ്ലീഷ് പദവും 'ഭവന വിയോഗ ദുഃഖം' എന്ന ഭാഷാപദവും (സംസ്കൃതപദം) വായനക്കാരിലുളവാക്കുന്ന പ്രതീതിയിൽ അന്തരമുണ്ടെങ്കിലും അവാച്യമായൊരു അനുഭൂതിവിശേഷം ഇവയെ പൊതിഞ്ഞുനിൽക്കുന്നതായിക്കാണാം. ടാഗോർ തന്റെ രചനയിൽ പർവതശിഖരത്തിലുള്ള പക്ഷിക്കൂട്ടുകളെയും കൊറ്റിപ്പക്ഷികളെയും അവതരിപ്പിച്ചിരിക്കുന്നതിനു കാരണം തന്റെ ആശയം സഹൃദയർ എളുപ്പം മനസ്സിലാക്കട്ടെ എന്നു കരുതിയിട്ടാവാം. പരമാത്മാവിൽ ലയിക്കുന്ന ജീവാത്മാവിനെ തന്റെ തന്നെ ബംഗാളി ഗീതാഞ്ജലിയിൽ മറ്റൊരു വിധമാണ് ടാഗോർ അവതരിപ്പിച്ചിരിക്കുന്നത്. അവിടെ പർവതശിഖരങ്ങളും കൊറ്റിപ്പക്ഷികളും ഇല്ല. പകരം മാനസസരസ്സും അരയന്നങ്ങളുമാണ്. ഈ സങ്കല്പം പല മലയാള കവികളെയും ആകർഷിച്ചിട്ടുണ്ട്. കുമാരനാശാന്റെ 'മണിമാല'യിലെ 'ഒരു സങ്കീർത്തനം' എന്ന കവിതയിൽ,

"കർമസീമ കടന്നു പോയ്ക്കളിയാടുവാനരുളേണമേ
ശർമവാരിധിയിൽക്കൃപാകര, ശാന്തിയാം മണിനൗകയിൽ" എന്നു കാണാം.

മാനസസരസ്സിൽ നീന്തിക്കളിക്കുന്ന അരയന്നത്തേക്കാൾ പർവതശിഖരത്തിലുള്ള കൂട്ടിൽ പ്രവേശിച്ച് വിശ്രമസുഖം അനുഭവിക്കുന്ന പക്ഷിക്കാണ് ജൈവികമായ സമഗ്രതയുള്ളത്. ഒരു ജന്മം പറന്നുലഞ്ഞ ആ പക്ഷി ഇപ്പോൾ നിശ്ചേഷ്ടമാണ്. പരമാത്മാവിൽ ലയിക്കുന്ന ജീവാത്മാവിന്റെ അവസ്ഥ

വെളിപ്പെടുത്താൻ അതു കൂടുതൽ പ്രയോജനപ്പെടും. മാനസസരസ്സിൽ ക്രീഡാലോലനായിരിക്കുന്ന അരയന്നത്തിന്റെ ചഞ്ചലിതാവസ്ഥ അതു പോലെയല്ലല്ലോ. ജീവാസക്തി പിന്നെയും തുടരുകയാണ്.

തപോവനങ്ങളുടെ ഹൃദയരഹസ്യമറിഞ്ഞ മഹാഋഷിമാരുടെ പാരമ്പര്യം ഗീതാഞ്ജലിയിൽ അലിഞ്ഞുചേർന്നിരിക്കുന്നു. പ്രാക്തനകവികളുടെ ഭാവനാവൈവിധ്യങ്ങൾ താൻ വല്ലാതെ ആരാധിക്കുന്നുവെന്ന് ടാഗോർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പ്രപഞ്ചയാഥാർത്ഥ്യങ്ങളെ അംഗീകരിക്കുന്ന യോഗിയും പ്രാപഞ്ചികപ്രതിഭാസങ്ങളിൽ ഈശ്വരാംശം ദർശിക്കുന്ന കവിയും അദ്ദേഹത്തിൽ സമ്മേളിക്കുന്നു. അദ്ധ്യാത്മികവും ഭൗതികവുമായ വിഭിന്നവീക്ഷണങ്ങളുടെ സമരസമായ സങ്കലനം ആ ജീവിതാവസ്ഥകളിൽ സംഭവിച്ചിട്ടുണ്ട്. സംസ്കാരവിശുദ്ധിയുടെ ഇത്തരം പരിസരമാണ് അദ്ദേഹത്തിലെ കാവ്യചേതസ്സിനെ പരിപോഷിപ്പിച്ചത്. കുട്ടിക്കാലം മുതൽക്കുതന്നെ പ്രകൃതിയോടു തോന്നിയ ഇഷ്ടം ആ കവിതകളുടെ മുഖ്യഘടകമായി പരിണമിച്ചു. ഒട്ടും അനുകരണവിധേയമല്ലാത്ത ടാഗോർ കവിതകളെ വിവർത്തനങ്ങളിലൂടെ പരിലാളിക്കാൻ മാത്രമേ നമുക്കായുള്ളൂ. ആ കവിതകളിൽ ഉറവിത്തുളുമ്പുന്ന അനന്തമായ ആത്മാനുഭൂതിയും പ്രേമോദ്ദീപ്തിയുമാണ് അടക്കാനാവാത്ത ആകർഷണത്തിനു കാരണം. അനുകരിക്കാൻ പറ്റുന്ന ഒന്നല്ല ആത്മാനുഭൂതി. ടാഗോറിന്റെ ഏറ്റവും പ്രസിദ്ധമായ കാവ്യസമാഹാരം 'ഗീതാഞ്ജലി' തന്നെയാണ്. പരിഭാഷകൻ എത്ര വിദഗ്ദ്ധനാണെങ്കിലും ഗീതാഞ്ജലിയുടെ പരിഭാഷാപ്രക്രിയ അത്ര സുഖകരമല്ല. മായികഭാവനകൾ വിവർത്തനത്തിനു വഴങ്ങാതെ മാറിനിൽക്കുന്നു. ടാഗോറിന്റെ ഇംഗ്ലീഷ് വിവർത്തനത്തോട് ആവുന്നത്ര നീതി പുലർത്തിയും ഗീതാഞ്ജലിയുടെ സമ്പൂർണസൗന്ദര്യം നുകർന്നും ലളിതമായാണ് എൽ.എം. തോമസ് വിവർത്തനം നിർവഹിച്ചിട്ടുള്ളത്. ഉണ്മയും ഉർവരതയും കെട്ടുപിണഞ്ഞുനിൽക്കുന്ന ജീവ ഋതുക്കൾ ഗീതാഞ്ജലിയെ ഉദാത്തമാക്കുന്നു. ആത്മസഞ്ചാരത്തിന്റെ അതേ ചൈതന്യം വിവർത്തനത്തെയും ചൂഴ്ന്നുനിൽക്കുന്നു.

### അടിക്കുറിപ്പുകൾ

1. അഞ്ചാമത്തെ പദ്യത്തിലെ ' the summer has come at my window' എന്ന പ്രയോഗത്തെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ തലക്കെട്ട്.
2. 'ഗീതാഞ്ജലിയുടെ സാംഗത്യം', ഭക്തപ്രിയ, 2011, നവംബർ, പുറം 11.
3. ജയകുമാർ കെ (ചീഫ് എഡിറ്റർ) , ടാഗോർ കൃതികൾ, മൂന്നാം പതിപ്പ്, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, ജൂൺ, 2011, പുറം 19.
4. കുമാരനാശാൻ, പുഷ്പവാടി, സമ്പൂർണകൃതികൾ, വാല്യം 1, ഒന്നാം പതിപ്പ്, 1973, ഏപ്രിൽ, എസ്.പി. സി.എസ്. കോട്ടയം, പുറം 548.
5. ഇംഗ്ലീഷ് ഗീതാഞ്ജലീ പദ്യങ്ങൾ എല്ലാം രവീന്ദ്ര നാഥ ടാഗോറിന്റെ ഗീതാഞ്ജലിയിൽ നിന്നും എടുത്തിട്ടുള്ളതാണ്.
6. മലയാള ഗീതാഞ്ജലീ പദ്യങ്ങൾ എല്ലാം എൽ.എം. തോമസിന്റെ ഗീതാഞ്ജലീ വിവർത്തനത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

### ഗ്രന്ഥസൂചി

1. ജയകുമാർ കെ, ടാഗോർ കൃതികൾ, ചീഫ് എഡിറ്റർ, ഒന്നാം പതിപ്പ്, ഡി.സി. ബുക്സ്, കോട്ടയം, 2011
2. തോമസ് എൽ.എം., ഗീതാഞ്ജലീപരിഭാഷ, സാഹിത്യപ്രവർത്തക സഹകരണ സംഘം, ഒമ്പതാം പതിപ്പ്, നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2011.
3. Rabindra Natha Tagore, Gitanjali,Tagore Publishing Trust, Bangalore

### ആനുകാലികങ്ങൾ

1. ഭക്തപ്രിയ, 2011, ഒക്ടോബർ ലക്കം (ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം).